# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ :9235/11/12/2025/**

പരാതികക്ഷി കൃഷ്ണകുമാർ കെ, വലിയ പറമ്പ്,
മാരായമുട്ടം,പെരിങ്കടവിള,നെയ്യാറ്റിൻകര

എതിർകക്ഷികൾ

**ഉത്തരവ് തീയതി 08.08.2025**

പരാതികക്ഷിയുടെ വീട്ടിലേക്ക് പോകുന്നതും വലിയപറമ്പ് വഴി അരുവി പുറത്തേക്കുള്ള പഞ്ചായത്ത് റോഡിൽ KL-19 J 9438 നമ്പർ ലോറി ഏകദേശം മൂന്നര വർഷത്തോളമായി റോഡിൻറെ പകുതിയിലധികം ഭാഗം കയ്യേറി സ്ഥിരമായി പാർക്ക് ചെയ്തിരിക്കുന്നതും ഈ വാഹനം സ്ഥിരമായി പാർക്ക് ചെയ്തതു കാരണം മറ്റു വാഹനങ്ങൾക്ക് പോകാൻ തടസ്സം ഉണ്ടാകുന്നതായും, ഇത് സംബന്ധിച്ച് മാരായമുട്ടം പോലീസ് സ്റ്റേഷനിലും പെരിങ്കടവിള ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും പരാതി നൽകിയിട്ട് നടപടി ഒന്നും ഉണ്ടാകുന്നില്ല എന്നും മറ്റുമാണ് പരാതി വിഷയം.

1. പരാതി വിഷയത്തിൽ പെരിങ്കടവിള ഗ്രാമപഞ്ചായത്ത് സെക്രട്ടറി 01.02.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു.പരാതിയിൽ നേരിട്ട് സ്ഥല പരിശോധന നടത്തുകയും പരാതിയിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ജയകുമാർ എന്നവരെ നേരിൽകണ്ട് അദ്ദേഹത്തിൻറെ ഉടമസ്ഥതയിലുള്ളതും വലിയപറമ്പ് അരുവിപ്പുറം റോഡിൽ ഒരു വശത്തായി പാർക്ക് ചെയ്തിരിക്കുന്ന KL-19 J 9438 നമ്പർ രജിസ്ട്രേഷൻ ഉള്ള പിക്കപ്പ് വാൻ ഗതാഗത തടസ്സം സൃഷ്ടിക്കാത്ത തരത്തിൽ റോഡിൽ നിന്നും മാറ്റണമെന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ശ്രീജയകുമാർ പ്രസ്തുത വാഹനം മറ്റാർക്കും തടസ്സമില്ലാത്ത സ്ഥലത്തേക്ക് മാറ്റി പാർക്ക് ചെയ്തിട്ടുള്ളതുമാണെന്നും റിപ്പോർട്ടിൽ കാണുന്നു.

2. പരാതി പരിഗണനയ്ക്കെടുത്ത 08.08.2025 തീയതി ഹർജികക്ഷി ഹാജരായി. ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ നിർദ്ദേശം ജയകുമാർ പാലിച്ചിട്ടില്ല എന്നും പരാതിക്ക് ആസ്പദമായ വാഹനം ഇപ്പോഴും പഴയ സ്ഥലത്ത് തന്നെ പാർക്ക് ചെയ്തിരിക്കുന്നതായും പറയുകയുണ്ടായി. പരാതികക്ഷി ഇക്കാര്യങ്ങൾ കാണിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും മാരായമുട്ടം സ്റ്റേഷൻ ഹൗസ് ഓഫീസർക്കും പരാതി നൽകുക. പരാതി ലഭിക്കുന്ന പക്ഷം പരാതിയിൽ പറയുന്ന വാഹനം അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്നതായി കണ്ടാൽ വാഹനം മാറ്റുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തും സ്റ്റേഷൻ ഹൗസ് ഓഫീസറും സ്വീകരിക്കേണ്ടതാണെന്ന നിർദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് പെരിങ്കടവിള ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മാരായമുട്ടം സ്റ്റേഷൻ ഹൗസ് ഓഫീസർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്// രജിസ്ട്രാർ